<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2929 — 13.03.2018 - ൽ മറുപടിയ്ക്ക്

<u>മികച്ച കർഷകരുടെ മക്കൾക്ക് കാർഷിക സർവ്വകലാശാല കോഴ്സുകളിൽ അഡ്മിഷന് സംവരണം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആന്റണി ജോൺ | ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) മികച്ച കർഷകരെ തെരഞ്ഞെടുക്കുന്ന രീതിയും, മികച്ച കർഷകനുള്ള അവാർഡുകൾ സംബന്ധിച്ചും നിലവിലുള്ള നടപടിക്രമം വ്യക്തമാക്കാമോ; | എ) കർഷക അവാർഡുകൾക്കുള്ള അപേക്ഷകൾ എല്ലാ വർഷവും ജനുവരി മാസങ്ങളിൽ വിവിധ മാധ്യമങ്ങൾ മുഖേന പ്രചരണം നൽകി കൃഷി ഭവനുകളിൽ നിശ്ചിത തീയതി വരെ സ്വീകരിക്കുന്നു. കൃഷി ഭവൻ ഉദ്യോഗസ്ഥർ സ്ഥല പരിശോധനയും, മാനദണ്ഡമനുസരിച്ചുള്ള പരിശോധനകളും പൂർത്തിയാക്കി കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുടെ ശുപാർശയോടുകൂടി അതാത് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ സമർപ്പിക്കുന്നു. ഈ അപേക്ഷയിന്മേൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനർ ആയ ജില്ലാതല അവാർഡ് കമ്മിറ്റി കൃഷി സ്ഥലം പരിശോധിച്ച് ജില്ലയിലെ മികച്ച കർഷകരെ കണ്ടെത്തുകയും അവരുടെ അപേക്ഷയും, അനുബന്ധ രേഖകളും നിശ്ചിത സമയത്തിനുള്ളിൽ കൃഷി ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും ചെയ്യുന്നു.<br>അപ്രകാരം 14 ജില്ലകളിൽ നിന്നും ലഭിച്ച അപേക്ഷകൾ കൃഷി ഡയറക്ടറേറ്റിലെ കൃഷി ജോയിന്റ് ഡയറക്ടർ (എ.ആർ.&റ്റി) കൺവീനർ ആയി ഉള്ള ഫീൽഡ് തല പരിശോധന ടീം കർഷകരുടെ കൃഷി സ്ഥലം സന്ദർശിച്ച്, ഓരോ അവാർഡിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ഓരോ അവാർഡിനും മികച്ച കർഷകരെ കണ്ടെത്തുകയും, അവരുടെ കൃഷിയെപ്പറ്റിയുള്ള ഡോക്യുമെന്ററി തയ്യാറാക്കുകയും ചെയ്യുന്നു.<br>ഇപ്രകാരം തയ്യാറാക്കിയ ഡോക്യുമെന്ററി അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനും, കൃഷി ഡയറക്ടർ കൺവീനറും ആയുള്ള സംസ്ഥാനതല അവാർഡ് കമ്മിറ്റി മുമ്പാകെ സംസ്ഥാന ഫീൽഡ് പരിശോധന ടീം അവതരിപ്പിക്കുകയും, അവയിൽ നിന്നും ഓരോ അവാർഡിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച കർഷകരെ സംസ്ഥാനതല അവാർഡ് കമ്മിറ്റി തിരഞ്ഞെടുക്കുകയും ചെയ്യുന്നു.<br>ഓരോ അവാർഡിന്റെയും മാനദണ്ഡങ്ങളും, അവാർഡ് തുകയും ഉൾപ്പടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) മികച്ച കർഷകരുടെ മക്കൾക്ക്, കാർഷിക സർവ്വകലാശാല നടത്തുന്ന BVSc, Bsc (Agriculture) കോഴ്സുകളിലേയ്ക്ക് അഡ്മിഷന് നിലവിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;<br>സി) ഇല്ലെങ്കിൽ മേൽ വിവരിച്ച കോഴ്സുകളിലേയ്ക്ക് മികച്ച കർഷകരുടെ മക്കൾക്ക് നിശ്ചിത ശതമാനം സീറ്റുകൾക്ക് പുതുതായി സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;<br>ഡി) ഈ കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ? | ബി) സി) & ഡി) നിലവിൽ കാർഷിക സർവ്വകലാശാല നടത്തുന്ന ബി.എസ്.സി (അഗ്രികൾച്ചർ) കോഴ്സിലെ പ്രവേശനത്തിന് 15 സീറ്റ് കർഷകരുടെ മക്കൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ഇതിൽ പൊതു വിഭാഗത്തിന് 9 സീറ്റും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗത്തിലുള്ളവർക്ക് 3 സീറ്റും പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് 3 സീറ്റും സംവരണം ചെയ്തിട്ടുണ്ട്.<br>അതോടൊപ്പം കേരള വെറ്ററിനറി സർവ്വകലാശാല നടത്തുന്ന BVSc&AH കോഴ്സിലും കർഷകരുടെ മക്കൾക്ക് ആയി കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള രണ്ട് കോളേജിലും ഓരോ സീറ്റ് വീതം സംവരണം ചെയ്തിട്ടുണ്ട്.<br>കൂടാതെ കാർഷിക മേഖലയിൽ പ്രാവീണ്യം തെളിയിച്ച് സംസ്ഥാനതലത്തിൽ അവാർഡുകൾ കരസ്ഥമാക്കിയ കർഷക പ്രതിഭയായിട്ടുള്ള ഒരു വിദ്യാർത്ഥിക്ക് കേരള കാർഷിക സർവ്വകലാശാല നടത്തുന്ന BSc.(Hons.) Agriculture കോഴ്സിൽ ഒരു സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ഓരോ അവാർഡിന്റെയും മാനദണ്ഡങ്ങൾ

| നം. | അവാർഡിന്റെ പേര് | |
|---|---|---|
| 1 | നെൽക്കതിർ | 1.ഏറ്റവും നല്ല ഗ്രൂപ്പ് ഫാമിംഗ് സമിതി<br>2. ചാരിറ്റബിൾ സൊസൈറ്റി ആക്ട് (1955-തിരുവിതാംകൂർ കൊച്ചി) അനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കണം.<br>3. നാമനിർദ്ദേശ തീയതി മുതൽ ചുരുങ്ങിയത് ഒരു വർഷത്തിനു മുമ്പെങ്കിലും രജിസ്റ്റർ ചെയ്തിരിക്കണം.<br>4. കാർഷിക മുറകളിലുള്ള കൂട്ടായ്മ.<br>ഇവക്കു പുറമെ അപേക്ഷിക്കുന്ന പാടശേഖരസമിതികൾ കരനെൽക്കൃഷിയും, തരിശു നിലകൃഷിയും നടപ്പിലാക്കിയിരിക്കണം. കൃഷി ഭവനും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും സംയുക്തമായി നടത്തിയ ക്രോപ് കട്ടിംഗ് ഡേറ്റാ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. കൃഷിയെ സംബന്ധിച്ച പ്രവർത്തനങ്ങൾ രേഖപ്പെടുത്തി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം. |
| 2 | കർഷകോത്തമ | 1. ഏറ്റവും മികച്ച കർഷകൻ<br>2. കൃഷിയും അനുബന്ധ മേഖലകളിലും പരമാവധി ഉൽപ്പാദനം.1. 3. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്. |
| 3,4 | യുവകർഷക/യുവകർഷകൻ | 1. ഏറ്റവും മികച്ച യുവ കർഷക<br>2. കൃഷിയും അനുബന്ധമേഖലകളിലും ഉള്ള പ്രവർത്തനം<br>3. അപേക്ഷകന് 20 നും 35 നും ഇടയിൽ പ്രായം. 35 വയസ്സ് കവിയാൻ പാടില്ല (31.03.18 ൽ 35 വയസ്സ് കവിയാൻ പാടില്ല). പ്രായം തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കണം.<br>4. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br>5. പാട്ടക്കൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |
| 5 | കേരകേസരി | 1. ഏറ്റവും മികച്ച തെങ്ങു കർഷകൻ<br>2. വ്യക്തികളെ മാത്രം പരിഗണിക്കുന്നു. സ്ഥാപനങ്ങളെ |

| | | |
|---|---|---|
| | | പരിഗണിക്കുന്നതല്ല.<br>3. നാമനിർദ്ദേശ തീയതി മുതൽ പുറകോട്ട് ഒരു വർഷമെങ്കിലും തെങ്ങിൻതോട്ടം അപേക്ഷകന്റെ ഉടമസ്ഥതയിലായിരിക്കണം.<br>4. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br>5. ജൈവവളം, പച്ചിലവളം എന്നിവ സ്വന്തമായി ഉത്പാദിപ്പിക്കുന്ന കർഷകന് മുൻഗണന. |
| 6 | ഹരിതമിത്ര | ഏറ്റവും മികച്ച പച്ചക്കറി കർഷകൻ<br>1. ഹൈടെക്, പ്രൊട്ടക്റ്റഡ് കൃഷി രീതികൾ അവലംബിക്കുന്ന കർഷകനെ പരിഗണിക്കേണ്ടതില്ല.<br>2. കുറഞ്ഞത് 5 ഇനം പച്ചക്കറി എങ്കിലും കൃഷി ചെയ്തിരിക്കണം.<br>3. കുറഞ്ഞത് 50 സെന്റിൽ പച്ചക്കറി കൃഷി ചെയ്തിരിക്കണം<br>4. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്. |
| 7 | ഉദ്യാനശ്രേഷ്ഠ | ഏറ്റവും മികച്ച പുഷ്പ കൃഷി കർഷകൻ<br>1. സ്വന്തമായി കൃഷി ഭൂമി വേണം.<br>2. കൊമേഴ്സ്യൽ നഴ്സറികളെ പരിഗണിക്കുന്നതല്ല<br>3. ഉദ്യാനം കുറഞ്ഞത് 5 സെന്റ് വിസ്തൃതി എങ്കിലും ഉള്ളതായിരിക്കണം.<br>4. കുറഞ്ഞത് 25 ഇനം അലങ്കാരച്ചെടികൾ നട്ട് വളർത്തിയിരിക്കണം.<br>5. ഇനങ്ങൾ ലേബൽ ചെയ്ത് വൃത്തിയോടെ ഉദ്യാന പരിപാലന മുറകൾ അനുവർത്തിച്ചിരിക്കണം.<br>6. നാമനിർദ്ദേശത്തിനുശേഷം അവാർഡു പ്രഖ്യാപനം വരെ ഭൂമി കൈമാറ്റം പാടില്ല. |
| 8 | കർഷക ജ്യോതി | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഏറ്റവും നല്ല കർഷകൻ<br>1. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br>2. പാട്ടക്കൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |
| 9 | കർഷകതിലകം | മികച്ച കർഷക വനിത |

| | | |
|---|---|---|
| | | 1. അപേക്ഷകൻ നൂതന കാർഷിക മുറകൾ കൈകാര്യം ചെയ്തിരിക്കണം.<br>2. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും. കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്. |
| 10 | ശ്രമശക്തി | ഏറ്റവും മികച്ച കർഷകതൊഴിലാളി<br>1. 5 വർഷം സ്ഥിരമായി മറ്റ് കർഷകർക്ക വേണ്ടി കർഷക തൊഴിലാളിയായി പ്രവർത്തിച്ചിരുന്നു എന്ന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>2. നൂതന യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള കഴിവ് പരിഗണിക്കാവുന്നതാണ്.<br>3. സ്വന്തം കൃഷിയിടത്തിലെ അധ്വാനം പരിഗണിക്കുന്നതല്ല. |
| 11 | കൃഷി വിജ്ഞാൻ | മികച്ച കൃഷി ശാസ്ത്രജ്ഞൻ<br>1. കൃഷി ശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന സംസ്ഥാനത്തിലെ KAU/ICAR സ്ഥാപനത്തിലെ ശാസ്ത്രജ്ഞൻ.<br>2. ഗവേഷണ ഫലങ്ങൾ ആനുകാലിക പ്രധാന്യമുള്ളതും കൃഷിയിടങ്ങളിൽ കർഷകൻ അനുവർത്തിക്കുന്നതുമായിരിക്കണം. (% of adoption in the field will be considered.)<br>3. സാങ്കേതിക വിദ്യകർഷകരുടെ കൃഷിയിടങ്ങളിൽ വിജയിച്ചവ ആയിരിക്കണം. |
| 12 | ക്ഷോണി സംരക്ഷണം | മികച്ച മണ്ണ് സംരക്ഷണ പ്രവർത്തനം ചെയ്യുന്ന കർഷകൻ (ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ)<br>1. കുറഞ്ഞത് 5 വർഷമെങ്കിലും മണ്ണ സംരക്ഷണ പ്രവർത്തനങ്ങൾ തുടർച്ചയായി സ്വന്തം കൃഷി ഭൂമിയിൽ ചെയ്തിരിക്കണം. ഈ കാലയളവിൽ സ്ഥലം കൈമാറുകയോ വിൽക്കുകയോ ചെയ്യാൻ പാടുള്ളതല്ല.<br>2. ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിനായി നല്ല പ്രവർത്തനങ്ങൾ പരിഗണിക്കുന്നതാണ്.<br>3. കൃഷിയിടങ്ങളിലെ പ്രവർത്തനങ്ങൾ ചെലവ് കുറഞ്ഞതും പരിസ്ഥിതിക്ക് തുണ ആയതു. മറ്റു കർഷകർക്കു അനുവർത്തിക്കുന്നതുമായിരിക്കണം. |
| 13 | ക്ഷോണി പരിപാലക് | |
| 14 | ക്ഷോണി മിത്ര | |
| 15 | ക്ഷോണി രത്ന | ഏറ്റവും നല്ല നീർത്തട പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിനുള്ള അവാർഡ് |

| | | |
|---|---|---|
| 16 | കർഷകഭാരതി | മികച്ച ഫാം ജേർണലിസ്റ്റ്<br>1. പത്രം-ദൃശ്യ ശ്രാവ്യം ഉടങ്ങിയ മാധ്യമങ്ങൾ വഴി മലയാള ഭാഷയിലൂടെ കാർഷിക മേഖലക്ക് വിലപ്പെട്ട സംഭാവനകൾ നൽകുന്ന വ്യക്തി.<br>2. നാമനിർദ്ദേശ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തിനകം പ്രസിദ്ധീകരിച്ച/പ്രക്ഷേപണം ചെയ്തവർക്ക് മുൻഗണന. വ്യക്തിയുടെ മുൻകാല പ്രവർത്തനങ്ങളും കണക്കിലെടുക്കുന്നു.<br>3. വ്യക്തികളുടെ നാമനിർദ്ദേശം മാത്രമേ പരിഗണിക്കുകയുള്ളൂ.<br>4. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കുന്നതല്ല.<br>5. നോമിനേഷൻ ലഭിച്ചില്ലെങ്കിലും ഏറ്റവും മികച്ച ജേർണലിസ്റ്റിനെ കണ്ടെത്തണം. |
| 17 | ഹരിതകീർത്തി<br><br>a.ഒന്നാം സ്ഥാനം<br><br>b.രണ്ടാം സ്ഥാനം<br><br>c. മൂന്നാം സ്ഥാനം | കൃഷി വകുപ്പിന്റെ / ജില്ലാപഞ്ചായത്തിന് കൈമാറിയ ഫാമുകൾ ഉൾപ്പെടെ കൃഷി വകുപ്പിന്റെ കീഴിലെ ഏറ്റവും മികച്ച ഫാം<br><br>1. എല്ലാ കൃഷിഫാമുകളും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാനുതകും വിധത്തിലുള്ള പ്രവർത്തന ഫലങ്ങളാണോ നടത്തുന്നത് എന്ന് വിലയിരുത്തണം.<br>2. ഫാമിലെ നടീൽ വസ്തുക്കളുടെ ഉത്പാദനം, വിവിധ വിളകൾ, ശാസ്ത്രീയ വിള പരിപാലനം എന്നിവ വിലയിരുത്തുന്നതാണ്.<br>3. ഫാമുകളുടെ അടിസ്ഥാന സൌകര്യങ്ങൾ, തൊഴിലാളികളുടെ കാര്യക്ഷമത, മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ, വൈവിധ്യവത്ക്കരണം എന്നിവയ്ക്ക് മുൻഗണന.<br>4. ഫാമിനോട് ചേർന്നുള്ള ഓഫീസ്, പോട്ടിംഗ് ഷെഡ് ഉടങ്ങിയ എല്ലാ അനുബന്ധ സൌകര്യങ്ങൾ വൃത്തിയോടെയും ചിട്ടയോടെയുമാണോ സജ്ജീകരിച്ചിരിക്കുന്നത് എന്ന് വിലയിരുത്തണം.<br>അവാർഡു തുക ഫാമിന്റെ വികസനത്തിനായി വിനിയോഗിക്കണം. |
| 18 | ഹരിതമുദ്ര | അച്ചടി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിച്ച /പ്രക്ഷേപണം ചെയ്ത ഏറ്റവും മികച്ച മലയാളത്തിലുള്ള കാർഷിക പരിപാടികൾ അവാർഡിനായി പരിഗണിക്കുന്നതാണ്.<br>1. നോമിനേഷൻ ലഭിച്ചില്ലെങ്കിലും ഏറ്റവും മികച്ച കാർഷിക പരിപാടി കണ്ടെത്തണം.<br>2. അവതാരക/അവതാരകന് ആണ് അവാർഡ് നൽകുന്നത്. |
| 19 | മികച്ച ജൈവ കൃഷി നടത്തുന്ന ആദിവാസി ഊരു് | പരമ്പരാഗത വിളകൾ കൃഷി ചെയ്യുന്ന ഊരിന് മുൻഗണന. |

| | | |
|---|---|---|
| 20 | കൃഷി നടത്തുന്ന മികച്ച റെസിഡൻസ് അസോസിയേഷൻ | ഏറ്റവും കുറഞ്ഞത് 100 വീട്ടുകളിലെങ്കിലും കൃഷി നടത്തിയിരിക്കണം. തുടർച്ചയായി 2 വർഷമെങ്കിലും കൃഷി ചെയ്തവരായിരിക്കണം. |
| 21 | ഹൈടെക് കർഷകൻ | ഹൈടെക് കാർഷിക രീതികൾ പിൻതുടരുന്ന മികച്ച കർഷകൻ<br>1. ഏറ്റവും കുറഞ്ഞത് 400sq.ft പോളിഹൌസിൽ എങ്കിലും കൃഷി ചെയ്തിരിക്കണം.<br>2. ഏറ്റവും കുറഞ്ഞത് ഒരു വർഷമെങ്കിലും പോളിഹൌസ് കൃഷി രീതി അനുവർത്തിച്ചിരിക്കണം.<br>3. പച്ചക്കറി/പുഷ്പ ഫലകൃഷി ചെയ്യാവുന്നതാണ്.<br>4. അനുവർത്തിച്ച കൃഷിരീതി വിളവ്, ചെലവ് എന്നീ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ച കർഷകനായിരിക്കണം.<br>5. പങ്കെടുത്ത പരിശീലനപരിപാടികളുടെ എണ്ണം പരിഗണിക്കാവുന്നതാണ്<br>6. പുതിയ സാങ്കേതിക വിദ്യ മറ്റുള്ളവരുമായി പങ്കിടുന്നതിനുള്ള താൽപര്യം പരിഗണിക്കുന്നതാണ്.<br>7. ജൈവകൃഷി അനുവർത്തിക്കുന്നവർക്കു മുൻഗണന. |
| 22 | മികച്ച കൊമേഴ്സ്യൽ നഴ്സറി നടത്തുന്ന കർഷകൻ | 1. നാമനിർദ്ദേശ തീയതി മുതൽ പുറകോട്ടു ഒരു വർഷത്തിനകമുള്ള കാർഷിക പ്രവർത്തികൾ കണക്കിലെടുക്കുന്നു.<br>2. സ്വന്തമായി ഏറ്റവും കുറഞ്ഞത് 1 ഏക്കറിലെങ്കിലും നഴ്സറി ഉണ്ടായിരിക്കണം.<br>3. വിവിധ ഇനം പുഷ്പ ഫല വൃക്ഷച്ചെടികളുടെ ഉത്പാദനവും വിൽപ്പനയും ഉണ്ടായിരിക്കണം (കുറഞ്ഞത് 25 ഇനങ്ങൾ)<br>4. മാതൃസസ്യങ്ങൾ/പ്രോജനി സ്വന്തം കൃഷിയിടത്തിൽ ഉണ്ടായിരിക്കണം.<br>5. ചെടികൾ ചിട്ടയോടെ ലേബൽ ചെയ്ത് വളർത്തിയിരിക്കണം.<br>6. നഴ്സറിയെ സംബന്ധിച്ച കണക്കുകൾ ചിട്ടയോടെ സൂക്ഷിച്ചിരിക്കണം.<br>7. പുതിയ സങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിലുള്ള മികവ് പരിഗണിക്കുന്നതാണ്.<br>8. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും. കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്. |
| 23<br>24 | കർഷകതിലകം/<br>കർഷകപ്രതിഭ | ഏറ്റവും മികച്ച കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാർത്ഥിനി<br>ഏറ്റവും മികച്ച കാർഷിക പ്രവർത്തനം നടത്തുന്ന വിദ്യാർത്ഥി. |

| | | |
|---|---|---|
| | | 1. കൃഷിയും അനുബന്ധ മേഖലകളിലും പരമാവധി ഉൽപ്പാദനം<br>2. നാമനിർദ്ദേശ തീയതി മുതൽ പുറകോട്ടുള്ള ഒരു വർഷത്തിനകമുള്ള കാർഷിക പ്രവർത്തികൾ<br>3. അപേക്ഷക/അപേക്ഷകൻ തന്നെ കാർഷിക മുറകൾ കൈകാര്യം ചെയ്തിരിക്കണം.<br>4. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും. കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br>5. പാട്ടക്കൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>6. സ്കൂളുകളിൽ നിന്നുള്ള സാക്ഷ്യപത്രം<br>7. സ്കൂൾ കോമ്പൗണ്ടിലും, വീട്ടുവളപ്പിലും കൃഷിയിലുള്ള സജീവ പങ്കാളിത്തം, കൃഷിയിലുള്ള അറിവ്, പരിചയം, എന്നിവ പരിഗണിക്കാവുന്നതാണ്. |
| 25 | മികച്ച ഹയർ സെക്കന്ററി സ്കൂൾ കർഷക പ്രതിഭ | സ്വന്തമായി ആധുനിക കൃഷി രീതികളും ശാസ്ത്രീയ കൃഷി രീതികളും അവലംബിച്ച് കൃഷി ചെയ്യുന്ന ഹയർ സെക്കന്ററി വിദ്യാർത്ഥി/വിദ്യാർത്ഥിനി |
| 26 | മികച്ച കോളേജ് കർഷക പ്രതിഭ | സ്വന്തമായി ആധുനിക കൃഷി രീതികളും ശാസ്ത്രീയ കൃഷി രീതികളും അവലംബിച്ച് കൃഷി ചെയ്യുന്ന കോളേജ് വിദ്യാർത്ഥി/വിദ്യാർത്ഥിനി |
| 27 | മികച്ച ഫാം ഓഫീസർ | ഏറ്റവും മികച്ച കൃഷി ഫാമിന്റെ ഓഫീസർക്ക് ഹരിത കീർത്തി അവാർഡിന് പരിഗണിക്കുന്ന സമയത്ത് ഫാമിലെ ഓഫീസർ ആയിരിക്കണം. |
| 28 | ജൈവകർഷകൻ | മികച്ച ജൈവകർഷകൻ<br>1. രാസവളങ്ങൾ/രാസകീടനാശിനികൾ എന്നിവ ഉപയോഗിക്കാതെ കൃഷി ചെയ്യുന്ന കർഷകൻ<br>2. ഭക്ഷ്യവിളകൾ ഉൾപ്പെടെ സമ്മിശ്രകൃഷി രീതിയിലൂടെ നടപ്പാക്കുന്ന കൃഷിസമ്പ്രദായം അനുവർത്തിക്കുന്ന കർഷകൻ<br>3. മണ്ണ്, ജലസംരക്ഷണ മാർഗ്ഗങ്ങൾ ഉറപ്പാക്കുന്ന കർഷകൻ<br>4. ജൈവവൈവിധ്യ സംരക്ഷണം കൃഷിയിടത്തിൽ കൃത്യമായി നടപ്പാക്കുന്ന കർഷകർ<br>5. സ്വന്തം കൃഷിയിടത്തിൽ കമ്പോസ്റ്റ്, പച്ചിലവളം എന്നിവ ഉത്പാദിപ്പിക്കുന്ന കർഷകൻ<br>6. ജൈവ കൃഷിക്കാവശ്യമായ കാലിവളം ലഭിക്കുന്നതിന് കന്നുകാലി വളർത്തൽ, ആട്ട് വളർത്തൽ തുടങ്ങിയ സംരംഭങ്ങൾ നടപ്പിലാക്കുന്ന കർഷകൻ |

| | | |
|---|---|---|
| | | 7. ജൈവകൃഷിയിൽ നിന്നുള്ള ഉല്പന്നങ്ങൾ പ്രത്യേകമായി പാക്കിംഗ്, ലേബലിംഗ് നടത്തി വിപണനം ചെയ്യുന്ന കർഷകൻ<br>8. ജൈവവളം, ജീവാണുവളം ജൈവകീടനാശിനികൾ എന്നിവ ഉപയോഗിച്ച് ലാഭകരമായി കൃഷി ചെയ്യുന്ന കർഷകൻ |
| 29 | തെങ്ങുകയറ്റ മത്സരം | ഏറ്റവും മികച്ച തെങ്ങുകയറ്റക്കാരൻ/തെങ്ങുകയറ്റക്കാരി<br>1. ജില്ലാതലങ്ങളിൽ യന്ത്രം ഉപയോഗിച്ച് തെങ്ങുകയറ്റ മത്സരം സംഘടിപ്പിച്ച് സംസ്ഥാനതലത്തിൽ അവാർഡ് നൽകുന്നതാണ്.<br>2. യുവാക്കൾക്കും യുവതികൾക്കും പ്രത്യേക മത്സരം സംഘടിപ്പിക്കുന്നതാണ്. |
| 30 | കർഷകമിത്ര | ഉദ്യോഗസ്ഥരല്ലാത്ത ഏറ്റവും നല്ല കാർഷിക വിജ്ഞാനവ്യാപന പ്രവർത്തകൻ<br>1. കൃഷിയും അനുബന്ധ മേഖലകളിലുമുള്ള നല്ല പ്രവർത്തനങ്ങൾ കർഷകരുടെ ഇടയിൽ പരമാവധി പ്രചരിപ്പിക്കുന്ന വ്യക്തി<br>2. കാർഷിക വികസനത്തിൽ മികച്ച സംഭാവനകൾ നൽകുന്ന വ്യക്തി. |

# കർഷക അവാർഡ് 2017

| നം. | അവാർഡിന്റെ പേര് | വിശദ വിവരം | അവാർഡിന്റെ വിവരം | തുക |
|---|---|---|---|---|
| 1 | മിത്രാനികേതൻ പത്മശ്രീ ശ്രീ.കെ വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ | ഏറ്റവും നല്ല ഗ്രൂപ്പ് ഫാമിംഗ് സമിതിക്ക് | 5 ലക്ഷം രൂപ, ഷീൽഡ് സർട്ടിഫിക്കറ്റ് | 5, 00 , 000 |
| 2 | കർഷകോത്തമ | ഏറ്റവും നല്ല കർഷകൻ | 2 ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 2, 00, 000 |
| 3 | യുവകർഷക | ഏറ്റവും മികച്ച യുവകർഷക | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 1, 00, 000 |
| 4 | യുവകർഷകൻ | ഏറ്റവും നല്ല യുവകർഷകൻ | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 1, 00, 000 |
| 5 | കേരകേസരി | ഏറ്റവും നല്ല കേരകർഷകൻ | 2 ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 2. 00, 000 |
| 6 | ഹരിത മിത്ര | ഏറ്റവും നല്ല പച്ചക്കറി കൃഷിക്കാരൻ | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 1, 00, 000 |
| 7 | ഉദ്യാനശ്രേഷ്ഠ | ഏറ്റവും നല്ല പുഷ്പകൃഷി കർഷകൻ | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 1, 00, 000 |
| 8 | കർഷകജ്യോതി | പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെട്ട ഏറ്റവും നല്ല കർഷകൻ | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 1, 00, 000 |
| 9 | കർഷകതിലകം | ഏറ്റവും നല്ല കർഷകവനിത | 25,000/-രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 25. 000 |
| 10 | ശ്രമശക്തി | ഏറ്റവും നല്ല കർഷകതൊഴിലാളി | 25,000/-രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 25, 000 |
| 11 | കൃഷി വിജ്ഞാൻ | ഏറ്റവും നല്ല കൃഷിശാസ്ത്രജ്ഞൻ | 25,000/-രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 25, 000 |
| 12 | ക്ഷോണിസംരക്ഷണ | ഏറ്റവും നല്ല മണ്ണ് സംരക്ഷണം നടത്തുന്ന കർഷകൻ | 25,000/-രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 25, 000 |
| 13 | ക്ഷോണി പരിപാലക് | ഏറ്റവും നല്ല മണ്ണുസംരക്ഷണം നടത്തുന്ന രണ്ടാമത്തെ കർഷകൻ | 15,000/- രൂപ ഷീൽഡ് പ്രശംസാപത്രം | 15, 000 |
| 14 | ക്ഷോണി മിത്ര | ഏറ്റവും നല്ല | 10,000/- രൂപ ഷീൽഡ് | 10, 000 |

(19)

| | | | | |
|---|---|---|---|---|
| | | മണ്ണുസംരക്ഷണം നടത്തുന്ന മൂന്നാമത്തെ കർഷകൻ | പ്രശംസാപത്രം | |
| 15 | ക്ഷോണി രത്ന | ഏറ്റവും നല്ല നീർത്തട പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിനുള്ള അവാർഡ് | 25,000/- രൂപ ഷീൽഡ് പ്രശംസാപത്രം | 25, 000 |
| 16 | കർഷകഭാരതി | ഏറ്റവും നല്ല ഫാം ജേർണലിസ്റ്റ് | 25,000/-രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് | 25, 000 |
| 17 | ഹരിതകീർത്തി | കൃഷിവകുപ്പിന്റെ കീഴിലുള്ള ഏറ്റവും മികച്ച കൃഷി ഫാമുകൾക്ക് (പഞ്ചായത്തിന് കൈമാറിയ ഫാമുകൾ ഉൾപ്പെടെ കൃഷി വകുപ്പിലെ ഏറ്റവും നല്ല ഫാം) | ഒന്നാം സ്ഥാനം - 15 ലക്ഷം രൂപ. ഫലകം, സർട്ടിഫിക്കറ്റ്, രണ്ടാം സ്ഥാനം - 10 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് മൂന്നാം സ്ഥാനം - 5 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് | 15, 00, 000<br>10, 00, 000<br>5, 00, 000 |
| 18 | ഹരിതമുദ്ര | ഏറ്റവും മികച്ച ഫാം ഫീച്ചർ പ്രസിദ്ധീകരിക്കുന്ന/പ്രക്ഷേപണം ചെയ്യു ഏറ്റവും മികച്ച മലയാളത്തിലുള്ള കാർഷിക പരിപാടി | 75,000/- രൂപ ഷീൽഡ് സർട്ടിഫിക്കറ്റ് | 75. 000 |

| | | | | |
|---|---|---|---|---|
| 19 | മികച്ച ജൈവ കൃഷി നടത്തുന്ന ആദിവാസി ഊര് | | 1-ാം സ്ഥാനം 3 ലക്ഷം<br>2-ാംസ്ഥാനം 2 ലക്ഷം<br>3-ാം സ്ഥാനം 1 ലക്ഷം | 3, 00, 000<br>2, 00, 000<br>1, 00, 000 |
| 20 | കൃഷി നടത്തുന്ന മികച്ച റെസിഡൻസ് അസോസിയേഷൻ | | 1-ാം സ്ഥാനം 1 ലക്ഷം രൂപ,<br>2-ാംസ്ഥാനം 50,000 രൂപ,<br>3-ാം സ്ഥാനം 25.000 രൂപ. | 1, 00, 000<br>50, 000<br>25. 000 |
| 21 | ഹൈടെക് ഫാർമർ | മികച്ച ഹൈടെക് കർഷകൻ | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ്, സ്വർണ്ണമെഡൽ | 1, 00, 000 |
| 22 | മികച്ച കൊമേഴ്സ്യൽ നഴ്സറി | മികച്ച കൊമേഴ്സ്യൽ നഴ്സറി | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ്, സ്വർണ്ണമെഡൽ | 1, 00, 000 |
| 23 | കർഷകതിലകം (സ്കൂൾ വിദ്യാർത്ഥിനി) | മികച്ച രീതിയിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂൾ വിദ്യാർത്ഥിനി | 10,000 രൂപ, സ്വർണ്ണ മെഡൽ, ഫലകം, സർട്ടിഫിക്കറ്റ് | 10, 000 |
| 24 | കർഷക പ്രതിഭ (സ്കൂൾ വിദ്യാർത്ഥി) | മികച്ച രീതിയിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന | 10,000 രൂപ. സ്വർണ്ണ മെഡൽ, ഫലകം. സർട്ടിഫിക്കറ്റ് | 10, 000 |

[redacted]



| | | | | |
|---|---|---|---|---|
| | | സ്കൂൾ വിദ്യാർത്ഥി | | |
| 25 | മികച്ച ഹയർ സെക്കന്ററി സ്കൂൾ കർഷക പ്രതിഭ | | 25,000 രൂപ, സ്വർണ്ണ മെഡൽ, ഫലകം, സർട്ടിഫിക്കറ്റ് | 25. 000 |
| 26 | മികച്ച കോളേജ് കർഷക പ്രതിഭ | | 25,000 രൂപ, സ്വർണ്ണ മെഡൽ, ഫലകം, സർട്ടിഫിക്കറ്റ് | 25, 000 |
| 27 | മികച്ച ഫാം ഓഫീസർ | മികച്ച ഫാമായി തെരഞ്ഞെടുക്കപ്പെടുന്ന ഫാമിലെ ഉദ്യോഗസ്ഥൻ | 25,000 രൂപ സ്വർണ്ണമെഡൽ, ഫലകം, സർട്ടിഫിക്കറ്റ് | 25, 000 |
| 28 | മികച്ച ജൈവകർഷകൻ | മികച്ച ജൈവകർഷകൻ | 1 ലക്ഷം രൂപ സ്വർണ്ണമെഡൽ ഫലകം, സർട്ടിഫിക്കറ്റ് | 1. 00. 000 |
| 29 | തെങ്ങുകയറ്റ മത്സരം (വനിതകൾക്കും പുരുഷന്മാർക്കും) | തെങ്ങുകയറ്റക്കാരൻ, തെങ്ങുകയറ്റക്കാരി യന്ത്രം ഉപയോഗിച്ചുള്ള തെങ്ങുകയറ്റം | 25,000 രൂപ, സ്വർണ്ണ മെഡൽ, ഫലകം, സർട്ടിഫിക്കറ്റ് (പുരുഷനും വനിതക്കും) | 25, 000 |
| 30 | കർഷകമിത്ര | ഉദ്യോഗസ്ഥരല്ലാത്ത മികച്ച കാർഷിക വിജ്ഞാനവ്യാപന പ്രവർത്തനം നടത്തുന്നവ്യക്തിക്ക് | 50,000 രൂപ സ്വർണ്ണമെഡൽ ഫലകം, സർട്ടിഫിക്കറ്റ് | 50,000 |
| | | | | |

Shajme

സെക്ഷൻ ഓഫീസർ